# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2085** — **07/03/2017-ൽ മറുപടിക്ക്**

### വ്യാജ സൗന്ദര്യവർദ്ധക ഉൽപ്പന്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എൻ. ഷംസുദ്ദീൻ**<br>**,, പി.കെ.ബഷീർ**<br>**,, പി.കെ.അബ്ദു റബ്ബ്**<br>**,, അബ്ദുൽ ഹമീദ് പി.** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന വ്യാജ സൗന്ദര്യവർദ്ധക ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് ചർമ്മരോഗം ബാധിക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഇത്തരം ഉൽപ്പന്നങ്ങൾ പരിശോധിക്കുവാൻ സർക്കാർ സംവിധാനം നിലവിലുണ്ടോ; | ബി) നിലവിലുണ്ട്. |
| സി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | സി) ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ മാസം തോറും ഗുണനിലവാര പരിശോധനയ്ക്കായി മരുന്നുകൾക്ക് പുറമെ സൗന്ദര്യവർദ്ധക വസ്തുക്കളും ശേഖരിക്കാറുണ്ട്. കൂടാതെ സംസ്ഥാനത്തുള്ള കോസ്മെറ്റിക് നിർമ്മാണ യൂണിറ്റുകളിൽ നിന്നും സാമ്പിളുകൾ ശേഖരിക്കുന്നുണ്ട്. കോസ്മെറ്റിക്സ് വ്യാപാര സ്ഥാപനങ്ങൾ പരിശോധിച്ച് മതിയായ രേഖകളില്ലാതെ സൗന്ദര്യവർദ്ധക വസ്തുക്കൾ സൂക്ഷിച്ചിരിക്കുന്ന സ്ഥാപനങ്ങൾക്കെതിരെയും മിസ്ബ്രാൻഡഡ് ആയ സൗന്ദര്യവർദ്ധക വസ്തുക്കളുടെ നിർമ്മാതാക്കൾക്കെതിരെയും നിയമം അനുശാസിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**